മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

രണ്ട് വ്യത്യസ്ത സ്കീമുകളിലായി എം.ടെക്ക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിനികളുടെ ക്രെഡിറ്റ് ഏകീകരണം-അക്കാദമിക് കൗൺസിലിലേക്ക് റിപ്പോർട്ട് ചെയ്ത്-ഉത്തരവാകുന്നു.

================================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം.395/എIV/1/2018/അക്കാദമിക്      പി.ഡി.ഹിൽസ്, തീയതി:10.01.2019

================================================================================

വായിക്കുക:-

1. 29.09.2018 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. OA2/Ac.18/185281.

## ഉത്തരവ്

സർവ്വകലാശാലയുടെ കീഴിൽ എം.ടെക്ക് ബിരുദ കോഴ്സ് (VLSI & Embedded Systems) വിദ്യാർത്ഥിനികളായിരുന്ന ശ്രീമതി. അഞ്ജലി സുകുമാരൻ, ശ്രീമതി. മിന്നു ആന്റണി എന്നിവർ 2011 സ്കീം & സിലബസ് പ്രകാരം ഒന്നാം സെമസ്റ്റർ പൂർത്തീകരിക്കുകയും 2013 സ്കീം & സിലബസ് പ്രകാരം പുന:പ്രവേശനം നേടി അവശേഷിക്കുന്ന സെമസ്റ്ററുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 10.02.2017-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ:835/എIV/1/2017/അക്കാദമിക് പ്രകാരം 2011-ലെ സ്കീമിനെ 2013 സ്കീമുമായി തുല്യമാക്കുന്നതിനു വേണ്ടി, 2013 സ്കീം പ്രകാരം വ്യത്യസ്തമെന്നു കണ്ടെത്തിയ ഒന്നാം സെമസ്റ്ററിലെ C.M.O.S Analog Design1(M.E.C.V.E102,4 ക്രെഡിറ്റ്) എന്ന പേപ്പർ ഇന്റേണൽ അസസ്സ്മെന്റ് ഉൾപ്പെടെ, സമ്പൂർണ്ണ കോഴ്സ് വർക്ക് ടി വിദ്യാർത്ഥിനികൾ പൂർത്തീകരികുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കോഴ്സിന്റെ ക്രെഡിറ്റ് കൂടി പരിഗണിക്കുമ്പോൾ ഇവരുടെ ഫൈനൽ ക്രെഡിറ്റ് 84 ആയി മാറുന്നു. എം.ടെക്ക് ഡിഗ്രി നേടുന്നതിനാവശ്യമായ ആകെ ക്രെഡിറ്റ് 80 ആണെന്നിരിക്കെ, ടി വിദ്യാർത്ഥിനികളുടെ പരീക്ഷാഫലം 2013 സ്കീമിലേക്ക് പരിവർത്തനം ചെയ്ത് ഏകീകരിക്കുന്നതിനായി രണ്ട് സ്കീമുകളിലേയും (2011&13) പേപ്പറുകളും ക്രെഡിറ്റും തുല്യതപ്പെടുത്തേണ്ടതായി വരുന്നു.

ടി വിഷയം പരിഗണനയ്ക്കെടുത്ത 29.09.2018-ലെ അക്കാദമിക് കൗൺസിൽ യോഗം ക്രെഡിറ്റ് ഏകീകരിക്കുന്ന വിഷയത്തിൽ എഞ്ചിനീയറിംഗ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായം ആരായാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണൻ**
**അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/അക്കാദമിക്)
4. ഇ.ഐ.XXIV/എ.സി.സിII സെക്ഷനുകൾ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി
6. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഫയൽ നം.എസി.എIV/1/EI 34/2/44/2018

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ